കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# നീലംപേരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി10/404/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി 09.06.2020
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നീലംപേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്ത്- 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ എല്ലാ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി10/404/2020 തീയതി 09.06.2020

# ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.4.2018 മുതൽ 15.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 03 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സന്തോഷ് കെ.വി, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.2.2020 മുതൽ 25.02.2020 വരെ | ശ്രീ. രാജീവ് ആർ, ഓഡിറ്റ് ഓഫീസർ ഹ.(ഗ്രേഡ്)<br>ശ്രീ.പുഷ്പരാജ് വി. കെ.അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജോസഫ് ജോർജ്ജ്, സീനി. ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീമതി.രജനി ബാബു | 01.04.2018 മുതൽ 31.03.2019 വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ.ഷേയിക് ബിജു.സി.എസ് | 01.04.2018 മുതൽ 04.01.2019 വരെ |
| 2 | ശ്രീമതി.ഗീതമ്മ എ.കെ (ചാർജ്ജ്) | 05.01.2019 മുതൽ 31.03.2019 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.പ്രീനോ ഉതുപ്പാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വികസന കാര്യം | ശ്രീമതി.സബിത രാജേഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.കെ.ഗോപാലകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസ കാര്യം | ശ്രീമതി. കുഞ്ഞുമോൾ വിജയകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ദീപ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | അസി.സെക്രട്ടറി | ശ്രീമതി.ഗീതമ്മ എ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | അസി.എഞ്ചിനീയർ | ശ്രീമതി. അനിത അനീഷ് | 01.04.2018 മുതൽ 31.03.2019 |

| | | | |
|---|---|---|---|
| | | | വരെ |
| 4 | വെറ്ററിനറി സർജൻ | ഡോ. ദിവ്യ ചന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | ഐ.സിഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഷീല | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | വി.ഇ.ഒ (ഈര) (കൈനടി) | ശ്രീ. സതീശ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.എൽസബത്ത് രാജൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മരിയ തെരേസ പി.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജയഭാസ്കർ | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | ഹെഡ്മാസ്റ്റർ (ഗവ.എൽ.പി. എസ്) | ശ്രീമതി.മിനികുമാരി.കെ.എസ് | 01.04.2018മുതൽ 31.03.2019വരെ |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. രാജി. ആർ. നായർ | 01.04.2018 മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം.. | ഭാഗം-1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക വിവരങ്ങൾ |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം വാർഷിക ധനകാര്യപത്രിക വിവരങ്ങൾ |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം (A.C.R പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |

| | | |
|---|---|---|
| 13 | 1-13 | സ്വകാര്യമേഖലയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല |
| 14 | 1-14 | തൊഴിൽ നികുതി-സ്ഥാപനതൊഴിൽ നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കൃത്യമായി പിരിച്ചെടുക്കുന്നില്ല |
| 15 | 1-15 | വസ്തു നികുതി പിരിവ് പൂർണ്ണ ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 16 | 1-16 | വ്യാപാര,സംരംഭക ലൈസൻസ് നൽകൽ -അപാകങ്ങൾ |
| 17 | 1-17 | സമഗ്ര നെൽകൃഷി വികസനം- വിതരണ രേഖകൾ ലഭ്യമല്ല. |
| 18 | 1-18 | കുടിവെള്ള വിതരണം- അധിക തുക നല്കിയത് സംബന്ധിച്ച്. |
| 19 | 1-19 | യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല. |
| 20 | 1-20 | അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ ഹാജരാക്കിയില്ല |
| 21 | 1-21 | ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു |
| 22 | 1-22 | തനത് ഫണ്ട് ചെലവുകൾ -അപാകങ്ങൾ |
| 23 | 1-23 | ലൈഫ് പദ്ധതി-അഡ്വാൻസ് നൽകിയിട്ടും നിർമ്മാണം ആരംഭിച്ചില്ല |
| 24 | 1-24 | വാർഷിക കണക്കുകൾ പ്രകാരമുള്ള അപാകങ്ങൾ |
| 25 | 1-25 | ഓഡിറ്റ് ഇംപാക്റ്റ് |
| ഭാഗം-2 | | |
| 26 | 2-1 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. |
| ഭാഗം-3 | | |
| 27 | 3-1 | കുടിവെള്ളം വിതരണം ചെയ്തതിന് തുക അധികം നല് കി |
| 28 | 3-2 | യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല. |
| 29 | 3-3 | ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു |
| ഭാഗം-4 | | |
| 30 | 4-1 മുതൽ<br>4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 31 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 32 | അനുബന്ധം.2 | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

19.03.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 121202144 | 117768468 |
| വാർഷിക കണക്ക് പ്രകാരം | 56948482 | 56363808 |

മുൻ വർഷ വരവ് ചെലവുകൾ കൃത്യമായി കണക്കിലെടുക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ തോതിലുള്ള വ്യത്യാസം വന്നിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ കൃത്യമായി വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക വിവരങ്ങൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 10.05.2019 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നം. & തീയതി | പരാമർശം |
|---|---|---|
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി9-560/19 തീയതി 26.06.2019 | വിശേഷണങ്ങളോട് കൂടിയത് |

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6784077 |
| വരവ് | 56948482 |
| ആകെ | 63732559 |
| ചെലവ് | 56363808 |
| നീക്കിയിരിപ്പ് | 7368751 |

### 1-5 ഫണ്ട് വിനിയോഗം (A.C.R പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | | 12258895 | 12258895 | 11262158 | 996737 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2975000 | 2975000 | 2585000 | 390000 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 118000 | 118000 | 102250 | 15750 |
| മെയിന്റനൻസ്, റോഡ് | 0 | 8535000 | 8535000 | 8503045 | 31955 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2780000 | 2780000 | 2772155 | 7845 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7492993 | 7492993 | 5466756 | 2026237 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 137 | 67926538 | 110 | 45489017 | 15 | 12 | 80% |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

12

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 89818 | 567729 | 657547 | 653546 | 4001 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 29445152 | 29445152 | 29445152 | 0 |
| ആകെ | 89818 | 30012881 | 30102699 | 30098698 | 4001 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31440 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 11737200 | 963 |
| വിധവാപെൻഷൻ | 4015000 | 341 |
| വാർദ്ധക്യകാലപെൻഷൻ | 7584300 | 649 |
| വികലാംഗപെൻഷൻ | 1881300 | 151 |
| അവിവാഹിത പെൻഷൻ | 150700 | 14 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48043/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1)സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

2)സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

3)ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5.തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/12/2019 | 11/ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.02.2019 | 2013-2014 to 2017-2018 | 26.03.2019 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക കണക്ക് പരിശോധനയുമായി ബന്ധപ്പെട്ട ഓഡിറ്റ് സാക്ഷ്യപത്രത്തിന് അനുബന്ധമായി ചേർത്തിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.
2. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനത്ഫണ്ട് നിക്ഷേപത്തിനായി പല ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്.
3. വികസന ഫണ്ട് (ജനറൽ) വിഭാഗത്തിൽ 3 ഗഡുക്കളിലായി ആകെ 12351000/-രൂപ തൻവർഷം വരവുണ്ട്. ഇതിൽ 91647/-രൂപ വെള്ളക്കരം കുടിശ്ശികയിലും 458/-രൂപ കെ.എസ്.ഇ.ബി കുടിശ്ശിക ഇനത്തിലും ഉറവിടത്തിൽ കുറവുചെയ്തിരുന്നു. എന്നാൽ ഇപ്രകാരം ഉറവിടത്തിൽ കുറവുചെയ്തിരുന്നു. എന്നാൽ ഇപ്രകാരം ഉറവിടത്തിൽ കുറവുചെയ്ത 92105/-രൂപ ഉൾപ്പെടുത്താതെയാണ് ഗ്രാമപഞ്ചായത്ത് വികസനഫണ്ട് ജനറൽ വിഭാഗത്തിലെ ആകെ വരവും ചെലവും നിർണ്ണയിച്ചിട്ടുള്ളത്. തന്മൂലം 2018-19 വാർഷികകണക്ക് ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല.
4. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികളിൽ നീക്കിയിരുപ്പിന് തുല്യമായ സംഖ്യ നീക്കിയിരിപ്പില്ല. കൂടാതെ RP-40 എ പ്രകാരം TSB ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ 7,00,000/- രൂപയാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ മുൻ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം

ജോയിന്റ് വെഞ്ചർ പദ്ധതിയിൽ 7,75,000/- രൂപ ബാലൻസുള്ളത് വിശദീകരിക്കപ്പെട്ടിട്ടില്ല.

5. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും പല സംയുക്ത പദ്ധതികൾക്കുമായി വിനിയോഗിച്ച തുകകൾ സുലേഖ സോഫ്റ്റ്‌വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 67,500/- രൂപ തിരിച്ചടച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.
6. വിവിധ പദ്ധതികൾക്കായി പഞ്ചായത്തിൽ ലഭിച്ചതും പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ളതുമായ ഫണ്ടുകളുടെ വിനിയോഗം, നീക്കിയിരുപ്പിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.
7. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം Sundry Debtors എന്ന ആസ്തി ശീർഷകത്തിൽ receivables for service cess on Non-residential buildings (current) 7035/- രൂപ മൈനസ് രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം അക്ഷയ കേന്ദ്രം, സ്നേഹിത ടീ സ്റ്റാൾ എന്നിവയുടെ വാടക ഡിമാന്റ് പ്രതിമാസം 500/- രൂപ നിരക്കിൽ ആകെ 12000/- രൂപയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആകെ ഡിമാന്റ് 7,500/- രൂപ എന്നാണ് തെറ്റായി രേഖപ്പടുത്തിയിരിക്കുന്നത്. 2018-19 ൽ ലഭിച്ച വാടക 7,500/- രൂപ മാത്രമാണ്. ഇത് പ്രകാരം ലഭിക്കാനുള്ള 4,500/- രൂപ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. ബന്ധപ്പെട്ടയിനങ്ങളിൽ പ്രൊവിഷൻ ഇട്ടതിൽ വന്ന കുറവാണ് ഇതെന്നാണ് വിശദീകരണം ലഭ്യമാക്കിയത്. സാമ്പത്തിക വർഷാവസാനത്തിന് ശേഷം മാത്രമാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നത് എന്നതിനാൽ ഈ വിധമുള്ള അപാകങ്ങൾ സംഭവിക്കാൻ പാടില്ലാത്തതാണ്.
8. അഡ്വാൻസ് രജിസ്റ്റർ പ്രകാരം Advances to implementing Officers ശീർഷകത്തിൽ 2016-17, 2017-18 വർഷങ്ങളിൽ നൽകിയ 28787/- രൂപ 2018-19 വർഷം തീർപ്പാക്കിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്നിലെ ആർട്ടിക്കിൾ 99 പ്രകാരം നൽകുന്ന മൂന്ന് മാസ കാലാവധിക്കുള്ളിൽ തീർപ്പാക്കാത്ത മുൻകൂറുകൾക്ക് ജി.ഒ (പി) നം.419/2011/ധന ഉത്തരവ് തീയതി 04/10/2011 പ്രകാരം പ്രതിവർഷം 18% നിരക്കിൽ പലിശ നൽകേണ്ടതാണ്. ഈ മുൻകൂറുകൾ നിയമാനുസൃത പലിശ കൂടി ഈടാക്കിയാണ് ക്രമീകരിച്ചത് എന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവുകൾ പിന്നീട് recoup ചെയ്യുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അഡ്വാൻസായി രേഖപ്പെടുത്തിയതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ തുകയുടെ ക്രമീകരണം സംബന്ധിച്ച ഫയൽ കുറിപ്പോ തീരുമാനങ്ങളോ ഹാജരാക്കിയിട്ടില്ല.
9. ബാലൻസ് ഷീറ്റ് പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകയിൽ 15,000/- രൂപ ഇനിയും തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 25/08/2017 ൽ 21700287-ാം നമ്പർ വൗച്ചർ പ്രകാരം അക്കൗണ്ടന്റായിരുന്ന ശ്രീ.വിനോദ് മാത്യുവിന് നൽകിയ ഈ തുക ഇതുവരെ തിരികെ ഈടാക്കിയിട്ടില്ല.

### 1-13 സ്വകാര്യമേഖലയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഡിവൈൻ മാർക്കറ്റിംഗ് | 7 |
| 2 | ഐശ്വര്യ റബേഴ്സ് | 9 |
| 3 | നാന്താത്ത് റബേഴ്സ് | 8 |
| 4 | ജെ.റ്റി റബേഴ്സ് | 7 |
| 5 | ഡിവൈൻ റബ്ബർ പ്രോഡക്ട്സ് | 10 |
| 6 | മരിയ റബ്ബർ പ്രോഡക്ട്സ് | 7 |
| 7 | PNT പോളിമേഴ്സ് (പ്ലാസ്റ്റിക്) | 6 |
| 8 | PNT പോളിമേഴ്സ് (പ്രിന്റിംഗ്) | 6 |
| 9 | കൺസോ റോക്ക്സ് | 8 |
| 10 | ക്ലാസിക് സിമന്റ് പ്രോഡക്ട്സ് | 5 |

സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതും, സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന വിവരങ്ങളിൻമേൽ അന്വേഷണം നടത്തി 60 ദിവസത്തിൽ കൂടുതൽ ദിവസങ്ങളിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. സിമന്റ് ബ്രിക്സ് നിർമ്മാണം, വളം, കീടനാശിനി വില്പന തുടങ്ങിയ സ്വകാര്യമേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി-സ്ഥാപനതൊഴിൽ നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കൃത്യമായി പിരിച്ചെടുക്കുന്നില്ല

നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അർദ്ധവാർഷിക പത്രിക, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

**1.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.കൈനടി SCB -ഒന്നും രണ്ടും അർദ്ധവർഷം -2500/- രൂപ

2.മാവേലി സ്റ്റോർ,നീലംപേരൂർ-ഒന്നും രണ്ടും അർദ്ധവർഷം-2500/- രൂപ

3.നീലംപേരൂർ SCB -ഒന്നും രണ്ടും അർദ്ധവർഷം -2500/- രൂപ

4.നാരകത്തറ SCB -ഒന്നും രണ്ടും അർദ്ധവർഷം -2500/- രൂപ

5. Spark Spice പ്രോഡക്ട്സ്-ഒന്നും രണ്ടും അർദ്ധവർഷം -2500/- രൂപ

6.മുളമൂട്ടിൽ ഫൈനാൻസ് നീലംപേരൂർ ഒന്നും രണ്ടും അർദ്ധവർഷം-2500/- രൂപ

7.മുളമൂട്ടിൽ ഫൈനാൻസ് കൈനടി ഒന്നും രണ്ടും അർദ്ധവർഷം -2500/- രൂപ

8.മുളമൂട്ടിൽ ഫൈനാൻസ് വാലടി ഒന്നും രണ്ടും അർദ്ധവർഷം -2500/- രൂപ

സ്ഥാപനതൊഴിൽ നികുതിയിനത്തിൽ തൊഴിൽ നികുതി പരമാവധിയിൽ കണക്കാക്കുമ്പോൾ 20000/-രൂപ രൂപയുടെ വരവ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

**2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.**

1.പഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

എ) മുളമൂട്ടിൽ ഫൈനാൻസ്, കൈനടി, വാലടി, നീലംപേരൂർ ശാഖകളിലെ ജീവനക്കാരുടെയും Spark Spice പ്രോഡക്ട്സ് ജീവനക്കാരുടെയും 2018-19 ഒന്നും രണ്ടും അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല.

ബി) നാരകത്തറ SCB ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല.

2) റേഷൻ കട നടത്തുന്നവർക്ക് സർക്കാർ മിനിമം വേതനം നിർണ്ണയിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇവരുടെ വേതന നിരക്കുകൾ തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽപെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

3.ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്. (ഉദാ: AJ John മെമ്മോറിയൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ അധ്യാപകരുടെ തൊഴിൽ നികുതി മാത്രമാണ് 2018-19 ൽ നൽകിയത്) നിലവിലെ മിനിമം വേതന നിരക്കുകളും സർക്കാർ സ്ഥാപനങ്ങളിലെ കരാർ, ദിവസ വേതന നിരക്കുകളും തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽപെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ വിവരങ്ങളും നികുതിയും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത തസ്തികകളുടെ എണ്ണം, ഒഴിവ്, പകരമുള്ള നിയമനം എന്നിവ പരിശോധിക്കപ്പെടുന്നില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.4 തീയതി 13.02.2020 നൽകിയതു പ്രകാരം സ്ഥാപനങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്ത് നോട്ടീസ് നൽകിയതായി ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. നികുതി കുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 വസ്തു നികുതി പിരിവ് പൂർണ്ണ ലക്ഷ്യം കൈവരിച്ചിട്ടില്ല

നീലംപേരൂർ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ കണക്കുകൾ പ്രകാരം പഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷം വസ്തുനികുതി ഇനത്തിൽ ആകെ പിരിഞ്ഞുകിട്ടാനുള്ള തുക, കുടിശ്ശികയായി ലഭിക്കാനുള്ള 500855/- രൂപയും തൻവർഷ ഡിമാന്റായി 1495264/-രൂപയും ഉൾപ്പടെ ആകെ 1996119/- രൂപയാണ്. ഇത് സംബന്ധിച്ച് അനുബന്ധ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഡി.സി.ബി പത്രിക പ്രകാരം ആകെ ലഭിക്കാനുണ്ടായിരുന്ന 500585/- രൂപ കുടിശ്ശികയിൽ 352750/- രൂപയാണ് പഞ്ചായത്തിന് പിരിച്ചെടുക്കാനായത്. തൻവർഷ ഡിമാന്റായി ഉൾപ്പെടുത്തിയ 1495264/- രൂപയിലാകട്ടെ 1289537/- രൂപയാണ് പിരിച്ചെടുത്തത്. ഈ രണ്ടിനങ്ങളിലുമായി 1642287/-രൂപയാണ് ആകെ വസ്തുനികുതി വരുമാനമുള്ളത്. ഇത് ആകെ നികുതിയുടെ 82.27% ആണ്.

പിരിച്ചെടുക്കാത്ത (പഞ്ചായത്ത് റവന്യൂ റിക്കവറിക്ക് നൽകിയിട്ടുള്ളതും വിവിധ കേസുകളിലുൾപ്പെട്ടവയും ഉൾപ്പടെ) വസ്തുനികുതി ഡിമാന്റ് സംഖ്യ book adjustment എന്ന വിഭാഗത്തിൽ പിരിച്ച നികുതിയോട് ചേർത്താണ് പഞ്ചായത്ത് ആകെ കളക്ഷൻ കണക്കാക്കി വരുന്നത്. യഥാർത്ഥ നികുതി പിരിവ് നടന്നിട്ടില്ലാത്ത book adjustment എന്ന വിഭാഗത്തിൽ 1.36 ലക്ഷം രൂപയാണ് 2018-19 ൽ പഞ്ചായത്തിന്റെ കണക്കിലുള്ളത്. ജില്ലയിലെ ഭൂരിഭാഗം പഞ്ചായത്തുകളും 100% നികുതി പിരിവ് ലക്ഷ്യമിട്ട് ഊർജ്ജിത നികുതിപിരിവ് നടപടികൾ സ്വീകരിക്കുകയും പല ഗ്രാമപഞ്ചായത്തുകളും തുടർച്ചയായി 100% നികുതി പിരിവ് സാധ്യമാക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ താരതമ്യേന വിസ്തീർണ്ണം കുറവും കെട്ടിടങ്ങളുടെ എണ്ണം കുറവുമുള്ള ഗ്രാമപഞ്ചായത്തിലെ നികുതി പിരിവ് 80% മാത്രമാണ്.

2018 ൽ കുട്ടനാടിനെ ബാധിച്ച പ്രളയവും പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളും മൂലമാണ് നികുതി പിരിവിൽ കുറവുണ്ടായതെന്നാണ് പഞ്ചായത്ത് അറിയിച്ചത്. വസ്തുനികുതി ഡിമാന്റിൽ book adjustment എന്ന് ചേർത്തിട്ടുള്ള നികുതി കുടിശ്ശിക കൂടി ഈടാക്കി 100% നികുതി പിരിവ് സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-16 വ്യാപാര,സംരംഭക ലൈസൻസ് നൽകൽ -അപാകങ്ങൾ

1) 1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നീലംപേരൂർ ഗ്രാമപഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 119 സ്ഥാപനങ്ങളും 2017-18 ൽ 107 സ്ഥാപനങ്ങളും 2018-19 ൽ 104 സ്ഥാപനങ്ങളുമാണ് ലൈസൻസ് വാങ്ങിയിട്ടുള്ളത്. ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം ഓരോ വർഷവും കുറഞ്ഞ് വരുകയാണ്. പഞ്ചായത്തിലെ സ്ഥാപനങ്ങളെയുൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 288 സ്ഥാപനങ്ങളാണുള്ളത്. ഇതിൽ പകുതി പോലും ലൈസൻസിന് അപേക്ഷിക്കുന്നില്ല. സ്ഥാപനങ്ങൾ പഞ്ചായത്തിൽ അപേക്ഷ നൽകാതെയും നിയമാനുസൃത ലൈസൻസില്ലാതെയും പ്രവർത്തനം നടത്തുന്നത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

2) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം നിലവിലെ ലൈസൻസ് പുതുക്കുന്നത് സാമ്പത്തിക വർഷാവസാനത്തിന് 30 ദിവസം മുമ്പും പുതിയ ലൈസൻസ് അനുവദിക്കുന്നത് സ്ഥാപനം തുറക്കുന്നതിന് 30 ദിവസം മുമ്പുമാകണം. ലൈസൻസിനുള്ള ഫയൽ പരിശോധനയിൽ നിലവിൽ ലൈസൻസ് എടുക്കുന്ന വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ഈ സമയ പരിധി പാലിക്കുന്നത്.

3) ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 5 പ്രകാരം പ്രസിഡന്റാണ് ലൈസൻസ് അനുവദിക്കുന്നത്. ഫയൽ പരിശോധനയിൽ പ്രസിഡന്റ് ഈ അനുമതി നൽകുന്ന വിവരം രേഖപ്പെടുത്തുന്നില്ല.

4) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് എസ്.ആർ.ഒ നം.674/2017 dt.31.10.2017(സ.ഉ നം.80/2017/ത.സ്വ.ഭ.വ തീയതി 31/10/2017) പ്രകാരം വന്ന ഭേദഗതികൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക 2 പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരേയിനം ബിസിനസ് നടത്തുന്ന നിശ്ചിത കുറഞ്ഞ മൂലധന നിക്ഷേപം ആവശ്യമായ പല സ്ഥാപനങ്ങളിൽ നിന്നും പല വ്യത്യസ്ത നിരക്കുകളിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഗ്രാമപഞ്ചായത്തിലെ ഫീസ് നിരക്കുകൾ ഭരണസമിതി നിശ്ചയിച്ചിട്ടുണ്ടോ എന്നത് വ്യക്തമല്ല.

5) ചട്ടങ്ങളിൽ വന്ന ഭേദഗതി [ചട്ടം 12(2)] പ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസിനുള്ള അപേക്ഷകളിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും വിവരങ്ങളും ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളുടെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ വിവരങ്ങൾ ചില അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ ഇക്കാര്യങ്ങൾ പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

6) നിശ്ചിത സമയപരിധിക്കകം (ചട്ടം 19, 22) സമർപ്പിക്കാത്ത അപേക്ഷകളിൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കാവുന്നതാണ്. അതുപോലെ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക 3 പ്രകാരമുള്ള ഫീസും ഈടാക്കേണ്ടതാണ്. ഈ വിധം ഫീസീടാക്കുന്ന വിവരങ്ങൾ നിലവിൽ ഉപയോഗിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് പ്രകാരം മാത്രം പ്രവർത്തനാനുമതിയുള്ള മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, (പട്ടിക ക്രമ നം-149) പാരാമെഡിക്കൽ, ലാബുകൾ (ക്രമ നം-143) അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം-132) എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഈസ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല. എന്നാൽ ഈ സ്ഥാപനങ്ങളുടെ മേൽ യാതൊരുവിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.2/13.02.20) മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-17 സമഗ്ര നെൽകൃഷി വികസനം- വിതരണ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം.22

പ്രോജക്ടിന്റെ പേര്: സമഗ്ര നെൽകൃഷി വികസനം

നിർവ്വഹണം: കൃഷി ഓഫീസർ

അടങ്കൽ- 9,09,600/-രൂപ

ചെലവ് -9,09,600/-രൂപ (ട്രഷറി ബിൽ നം.1/18-19 തീയതി 16.01.2019

ഈ പദ്ധതി പ്രകാരം 446150 കി.ഗ്രാം നെൽവിത്ത് കി.ഗ്രാമിന് 20.39/- രൂപ നിരക്കിൽ തൃശ്ശൂരുള്ള കേരള സംസ്ഥാന വിത്ത് വികസന കോർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഈ വിത്തുകൾ പൂർണമായും സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇവ കർഷകർക്ക് വിതരണം നടത്തുന്നതിനുവേണ്ടി വിവിധ പാടശേഖര സമിതികൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പാടശേഖര സമിതികൾ കർഷകർക്ക് നെൽവിത്ത് വിതരണം ചെയ്തതിന്റെ വിശദാംശം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പാടശേഖര സമിതിയുടെ പേര് | കൈപ്പറ്റിയ നെൽവിത്തിന്റെ അളവ് |
|---|---|---|

| | | |
|---|---|---|
| 1 | അനന്തംകരി | 240 |
| 2 | അപ്പകായൽ | 7200 |
| 3 | കോനം അരയടംപാക്ക | 14800 |
| 4 | നടുവത്ത് | 13200 |
| 5 | കിളിയൻകാവ് തെക്ക് | 9160 |
| 6 | കെ.എൽ ബ്ലോക്ക് | 33920 |
| 7 | ചിറയ്ക്കകം പെല്ലാക്ക | 9480 |
| 8 | മുക്കോടി മഞ്ഞുകരി | 10400 |
| 9 | എച്ച്-ബ്ലോക്ക് | 69760 |
| 10 | കൈനടി കിഴക്കുംപുറം | 3040 |
| 11 | കോഴിച്ചാൽ തെക്ക് | 20720 |
| 12 | നെൽപുര പുറത്തേരി | 1480 |
| 13 | വാലടി | 18000 |
| 14 | കാവുങ്കാക്കൽ | 2120 |
| 15 | വടക്കേ മുക്കോടി | 1360 |
| 16 | കൊച്ചിടംപാടി | 560 |
| 17 | പായിപ്പുറം | 280 |
| | **ആകെ** | **215720** |

വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/25.02.2020) നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ഉണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 439853/- രൂപ (215720x2.039) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നെൽവിത്തുകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-18 കുടിവെള്ള വിതരണം- അധിക തുക നല്കിയത് സംബന്ധിച്ച്

പ്രോജക്ടിന്റെ പേര് : കുടിവെള്ള വിതരണം (സ്പിൽ ഓവർ)

പ്രോജക്ട് നം. : 139/19

അടങ്കൽ : വികസന ഫണ്ട് - 300000/-

ചെലവ് : 299316/- (1.ട്രഷറി ബിൽ നം.11 തീയതി 01.09.2018- 242062/- രൂപ

2.ട്രഷറി ബിൽ നം.25 തീയതി 20.12.2018- 16254/- രൂപ

3.ട്രഷറി ബിൽ നം.31 തീയതി 21.02.2019- 41000/- രൂപ)

വായന: 1)സർക്കാർ ഉത്തരവ് (സാധാ)നം.500/2019/ത.സ്വ.ഭ.വ തീ. 02.03.2019

2)സർക്കാർ ഉത്തരവ് (സാധാ)നം.754/2018/ത.സ്വ.ഭ.വ തീ. 21.03.2018

മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് പ്ലാൻ/തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്തതിന് 299316/- രൂപ ചെലവഴിച്ചതായി കാണുന്നു. ആദ്യ രണ്ടു ബില്ലുകൾ പ്രകാരമുള്ള തുക ശ്രീ.ടോം കുര്യാക്കോസ് എന്ന കരാറുകാരനും ക്രമ നം.3 പ്രകാരമുള്ള ബിൽ തുക ശ്രീ.സന്തോഷ് എന്ന കരാറുകാരനും നൽകിയിരുന്നു. ആകെ 6150.38 കി.മീ വാഹനം ഓടിയതിന് കി.മീറ്ററിന് 42/- രൂപ ക്രമത്തിൽ ആകെ 258316/- രൂപ ക്രമ നം.1, 2 ബില്ലുകൾ പ്രകാരം കുടിവെള്ള വിതരണം കോൺട്രാക്ട് എടുത്തിട്ടുള്ള കരാറുകാരനായ ശ്രീ.ടോം.റ്റി.കുര്യാക്കോസിന് അനുവദിച്ച് നല്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ജി.പി.എസ് ട്രാക്കിംഗ് സിസ്റ്റം അനുസരിച്ചുള്ള

യൂട്ടിലൈസേഷൻ റിപ്പോർട്ട് പ്രകാരം ആകെ 5037 കി.മീ മാത്രമാണ് KL-07-BD-5207 എന്ന നമ്പറിലുള്ള വാഹനം കുടിവെള്ള വിതരണത്തിനായി സഞ്ചരിച്ചിട്ടുള്ളത്. മേൽ സർക്കാർ ഉത്തരവുകളിലെ 3-ാം ഖണ്ഡികയിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ വേണം കുടിവെള്ളം വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമായി പറഞ്ഞിരുന്നു. അധികമായി നല്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

അനുവദിച്ച തുക – 6150.38x42 = 258316/-

ജി.പി.എസ് ട്രാക്കിംഗ് സിസ്റ്റം അനുസരിച്ചുള്ള യൂട്ടിലൈസേഷൻ റിപ്പോർട്ട് പ്രകാരം സഞ്ചരിച്ച ദൂരത്തിന് അനുവദനീയമായ തുക – 5037x42 = 211554/-

അധികം നല്കിയ തുക – 258316-211554 = 46762/-രൂപ. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/19.02.2020) മറുപടി ലഭ്യമാക്കിയില്ല. (ക്രമ നം.3 പ്രകാരമുള്ള ബില്ലിലെ തുക നല്കിയത് 2018 പ്രളയ സമയത്ത് ശുദ്ധജല വിതരണം നടത്തിയതിന് സന്തോഷ് എന്ന കരാറുകാരന് നല്കിയതാണെന്നും അടിയന്തിരമായി ശുദ്ധജലം വിതരണം ചെയ്യുന്നതിന് ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങൾ ലഭ്യമല്ലാത്തതിനാൽ ജി.പി.എസ് ട്രാക്കിംഗ് സിസ്റ്റം ഇല്ലാതെയാണ് വാഹനം ഓടിയതെന്നറിയിച്ചു. അടിയന്തിര സാഹചര്യം പരിഗണിച്ച് ജി.പി.എസ് ഇല്ലാതെ ഓടിയ നടപടി അംഗീകരിക്കുന്നില്ല. അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

അധികമായി നല്കിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 യഥാസമയം പ്രവ്യത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളിലെ ഖണ്ഡിക 7-ൽ "മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമെ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ" എന്ന് സമ്മതിച്ച് ഇരു കക്ഷികളും ഒപ്പു വച്ചിട്ടുണ്ട്. [കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012-ൽ (Revised as per G.O.(P)No.13/2012/PWD dated 01.02.2012) നിഷ്കർഷിച്ചിട്ടുള്ള ഫൈൻ സംബന്ധമായ വ്യവസ്ഥകളല്ല കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്]. 2018-19 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയിട്ടുള്ള താഴെപ്പറയുന്ന പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കാതിരുന്നിട്ടും എഗ്രിമെന്റിലെ വ്യവസ്ഥകൾക്കനുസൃതമായി കരാറുകാരിയിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 132/19 |
| പ്രോജക്ടിന്റെ പേര് | : | വയോജന പരിപാലന സങ്കേതം |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.സി.എബ്രഹാം |
| പി.എ.സി | : | 747150/- |
| ചെലവ് | : | 726067/-<br>ട്രഷറി ബിൽ നം.11 തീയതി 29.06.2018 |
| എം.ബുക്ക് നം | : | 64/18-19, 65/18-19 |

| | | |
|---|---|---|
| എഗ്രിമെന്റ് നം. | : | 35/AE/NPR/ 17-18 തീയതി 30.01.2018 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 30.01.2018 |
| പൂർത്തികരണ കാലാവധി | : | 3 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 30.04.2018 |
| പൂർത്തീകരിച്ച തീയതി | : | 08.06.2018 (എം.ബുക്ക് നം. 64/18-19പേജ് നം.32) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : | 747150 x1% = 7472/-രൂപ |

| | | |
|---|---|---|
| 2.പ്രോജക്ട് നം. | : | 127/19 |
| പ്രോജക്ടിന്റെ പേര് | : | വാർഡുകളിൽ കിണർ മെയിന്റനൻസ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.സി.എബ്രഹാം |
| പി.എ.സി | : | 499500/- |
| ചെലവ് | : | 484714/-<br>(1.ട്രഷറി ബിൽ നം.26 തീയതി 17.12.2018) |
| എം.ബുക്ക് നം | : | 69/17-18 |
| എഗ്രിമെന്റ് നം. | : | 36/AE/NPR/17-18 തീയതി 30.01.2018 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 30.01.2018 |
| പൂർത്തികരണ കാലാവധി | : | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 30.07.2018 |
| പൂർത്തീകരിച്ച തീയതി | : | 28.09.2018 (എം.ബുക്ക് പേജ് നം.27) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : | 499500x1% = 4995/-രൂപ |

| | | |
|---|---|---|
| 3.പ്രോജക്ട് നം. | : | 121/19 |
| പ്രോജക്ടിന്റെ പേര് | : | മങ്ങാട് മുതൽ 24 വഴി റോഡ് മെയിന്റനൻസ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ടോജോ ദേവസ്യ |
| പി.എ.സി | : | 100000/- |
| ചെലവ് | : | 99618/-<br>(1.ട്രഷറി ബിൽ നം.27 തീയതി 17.12.2018) |
| എം.ബുക്ക് നം | : | 68/17-18 |

| | | |
|---|---|---|
| എഗ്രിമെന്റ് നം. | : | 53/AE/NPR/17-18 തീയതി 01.03.2018 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 01.03.2018 |
| പൂർത്തികരണ കാലാവധി | : | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 31.08.2018 |
| പൂർത്തീകരിച്ച തീയതി | : | 17.10.2018 (എം.ബുക്ക് പേജ് നം.3) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : | 100000x1% = 1000/-രൂപ |

തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/19.02.2020) മറുപടി ലഭ്യമാക്കിയില്ല. ഫൈൻ തുക ഈടാക്കാതിരുന്നത് മൂലം മൂന്ന് പ്രവൃത്തികളിലുമായി 13,467/- രൂപം നഷ്ടം ഉണ്ടായി. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ ഹാജരാക്കിയില്ല

നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കിണർ ജംഗ്ഷൻ വലിയതറ റോഡ് കോൺക്രീറ്റിംഗ് (പ്രോജക്ട് നം.49) എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

ചെലവ് തുക-596449/- (ട്രഷറി ബിൽ നം.20 തീ.30.11.2018)

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.11/19.02.2020) നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുയോ ഉണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആദ്യ മറുപടിക്കൊപ്പം രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കിയില്ലായെങ്കിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ഈ രേഖകൾ നിലവിലില്ലായെന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-21 ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു

നീലംപേരൂർ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തനത്ഫണ്ട് ചെലവുരേഖകൾ പരിശോധിച്ചതിൽ 2018 ഏപ്രിൽ മാസത്തെ 2180012-ാം നമ്പർ വൗച്ചർ (ചെക്ക് നം-663607 dtd 3.04.18) പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി.രേഷ്മ ബാബുവിന് 28.03.2018 ലെ എ4/1490/2018 ഉത്തരവ് പ്രകാരം 20 ദിവസത്തെ ആർജിതാവധി സറണ്ടറായി 14,000/- രൂപയും 2018 ഏപ്രിൽ മാസത്തെ 2180021-ാം നമ്പർ വൗച്ചർ (ചെക്ക് നം-6336047 dtd 3.04.18 Rs.53,666/-) പ്രകാരം ഗ്രാമപഞ്ചായത്തിലെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരായ ശ്രീമതി.ആതിര പുഷ്കരൻ, Accredited Engineer, ശ്രീമതി ഗോപിക സി.ജി, ഓവർസീയർ, ശ്രീമതി സീതാലക്ഷ്മി എം.എസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ശ്രീമതി ബിനിതാമോൾ സി.കെ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 28.03.2018 ലെ എ4/1490/2018 ഉത്തരവ് പ്രകാരം 20 ദിവസത്തെ ആർജിതാവധി സറണ്ടറായി 53,666/- രൂപ നൽകിയിട്ടുണ്ട്.

കെ.എസ്.ആർ പാർട്ട് 1, അപ്പൻഡിക്സ് VII ലെ റൂൾ 2 പ്രകാരം 1 മുതൽ 5 വർഷം വരെയുള്ള കാലയളവിലേക്ക് ജോലി ചെയ്യുന്ന, (കെ.എസ്.ആർ പാർട്ട് 1 റൂൾ 8 പ്രകാരം താത്കാലികമായി നിയമിക്കപ്പെടുന്ന) കരാർ, താത്കാലിക ജീവനക്കാർക്ക് വർഷത്തിൽ പരമാവധി 15 ആർജിതാവധിക്കാണ് അർഹതയുള്ളത്. ആർജിക്കുന്ന അവധി വർഷാവർഷം പണമാക്കാതെ ക്രെഡിറ്റിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് സ്ഥിരം ജീവനക്കാർക്ക് ബാധകമായ വിധം ക്രെഡിറ്റിലുള്ള അവധികൾ ഒരു വർഷം പരമാവധി 30 എണ്ണം എന്ന നിരക്കിൽ സറണ്ടർ ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ളത്. വർഷം 15 ആർജിതാവധി ആർജ്ജിക്കുകയും 15 വീതം എല്ലാ വർഷങ്ങളിലും ആർജിതാവധി സറണ്ടർ ചെയ്യുകയും ചെയ്യുന്ന ജീവനക്കാരന് 20 ദിവസത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല. NREGA ജീവനക്കാരുടെ സേവനപുസ്തകം

പരിശോധിച്ചതിൽ 2017-18 ലും സമാന രീതിയിൽ 5 ദിവസത്തെ സറണ്ടർ തുക അധികം അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നൽകിയ 13416/- രൂപയും 2017-18 – ൽ ക്രമപ്രകാരമല്ലാതെ നൽകിയ തുകയും കണക്കാക്കി അതും തിരികെ ഈടാക്കേണ്ടതാണ്.

## 1-22 തനത് ഫണ്ട് ചെലവുകൾ -അപാകങ്ങൾ

നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ 2018-19 ലെ തനത് ഫണ്ട് ചെലവുകൾ സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 34969/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമുള്ള തുക ഒടുക്കുന്നതല്ലാതെ ആകെ വൈദ്യുതി ചാർജ്ജ് അടക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം, അവയുടെ തരം (സി.എഫ്.എൽ, എൽ.ഇ.ഡി, ട്യൂബ് സെറ്റുകൾ, സാധാരണ ബൾബുകൾ), വാട്ട്, ഓരോന്നിലും ഈടാക്കുന്ന പ്രതിമാസ വൈദ്യുതി ചാർജ്ജ് എന്നീ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബിയിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നില്ല. 2017-18 സാമ്പത്തിക വർഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി എല്ലാ വാർഡിലും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ നൽകിവരുന്ന തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിന്റെ വിശദാംശങ്ങളും താരിഫ് വിവരങ്ങളും ലഭ്യമായാൽ മാത്രമാണ് വൻതുക ചെലവഴിച്ച് സ്ഥാപിച്ച തെരുവുവിളക്കുകൾ മൂലം ഗ്രാമപഞ്ചായത്തിന് പദ്ധതിയുടെ ഗുണഫലം യഥാർത്ഥത്തിൽ ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിലെ കാലവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി വാർഡ് തലത്തിൽ 2018-19 സാമ്പത്തിക വർഷം ലഭിച്ച 130000/-രൂപ ഓരോ വാർഡ് സാനിറ്റേഷൻ സമിതി ചെയർമാൻമാരുടെയും കൺവീനർമാരുടേയും അക്കൗണ്ടിലേക്ക് (Voucher -21800140 dtd 26/06/18 ചെക്ക് 564720 dtd 26/06/18) നൽകിയിരുന്നു. എന്നാൽ ഈ തുക വിനിയോഗിച്ചതിന്റെ വിവരങ്ങളോ വൗച്ചർ, പാസ്സ്ബുക്ക് ഉൾപ്പെടെയുള്ള ചെലവുവിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3.ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ചുവന്നിരുന്ന യു.പി.എസ് മാറ്റി IGA Tech എന്ന സ്ഥാപനത്തിൽ നിന്നും 44560/- രൂപ ചെലവഴിച്ച് പുതിയ 5 KVA ഓൺലൈൻ യു.പി.എസ് വാങ്ങിയിട്ടുണ്ട് (ചെക്ക് നം.633188 dt.04/08/2018 Rs.44560). എന്നാൽ ഇതിനായി ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചിട്ടില്ല. തദ്ദേശ സ്ഥാപനങ്ങളിലെ വാങ്ങലുകളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം (G.O (P) No.259/2010 /LSGD, dated 08.11.2010 & Circular No.17/AA1/2016/LSGD dtd 19.03.2016) 5,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും 50,000/- രൂപക്ക് മുകളിലുള്ളവയ്ക്ക് ടെണ്ടറും ആവശ്യമാണ്. ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് 13.02.2020 എൻക്വയറി (നം.5) നൽകിയതിന് നൽകിയ മറുപടിയിൽ അടിയന്തിരാവശ്യം പരിഗണിച്ച് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരമാണ് വാങ്ങൽ നടത്തിയത് എന്നാണ് ഈ കാര്യങ്ങൾക്ക് മറുപടി നൽകിയത്. തദ്ദേശ സ്ഥാപനങ്ങളിലെ വാങ്ങലുകളുമായി ബന്ധപ്പെട്ട നിയമങ്ങളും നിർദ്ദേശങ്ങളും പാലിച്ചുമാത്രം വാങ്ങലുകൾ നടത്തേണ്ടതാണ്.

4.ഗ്രാമപഞ്ചായത്തിലെ വൗച്ചർ പ്രകാരം 20 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 8750/- രൂപയാണ് അടക്കുന്നത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം നീക്കി ബാക്കി ഉൾപ്പടെ 763401/- രൂപയുടെ ബില്ലാണ് നൽകിയിട്ടുള്ളത്. കുടിശ്ശികയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2% നിരക്കിൽ പിഴപ്പലിശ വാങ്ങുന്നതിനാൽ കുടിശ്ശിക തീർപ്പാക്കാത്തത് ഗ്രാമപഞ്ചായത്തിന് ഭാവിയിൽ വലിയ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന കാര്യമാണ്. വെള്ളക്കരകുടിശ്ശിക ഒഴിവാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-23 ലൈഫ് പദ്ധതി-അഡ്വാൻസ് നൽകിയിട്ടും നിർമ്മാണം ആരംഭിച്ചില്ല

നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ 2018-19 ലെ ലൈഫ് ഭവനപദ്ധതി സംബന്ധിച്ച ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴപ്പറയുന്ന ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒയുമായി കരാറിലേർപ്പെട്ട് ഭവനനിർമ്മാണത്തിനായി മുൻകൂറായി തുക കൈപ്പറ്റിയെങ്കിലും ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ/ചെക്ക് നം. തീയതി |
|---|---|---|---|---|
| 1 | 87/19 ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ | ശ്രീമതി സാലിമോൾ 90ൽ ചിറ, കൈനടി | 40000 | ബിൽ നം-06/18-19 Rs.280000/-dt.27/07/18 |

ഗുണഭോക്താക്കളും ഗ്രാമപഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തീയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്താവ് 22.05.2018 ൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെടുകയും 27/07/2018 അഡ്വാൻസ് കൈപ്പറ്റുകയും ചെയ്തിട്ട് ഒന്നര വർഷം കഴിഞ്ഞിട്ടും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഗുണഭോക്താവ് ഭവനനിർമ്മാണം നടത്തുന്നത് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം മുൻകൂർ നൽകിയ തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

### 1-24 വാർഷിക കണക്കുകൾ പ്രകാരമുള്ള അപാകങ്ങൾ

നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ താഴെപ്പറയുന്നവക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം Sundry Debtors എന്ന ആസ്തി ശീർഷകത്തിൽ receivables for service cess on Non-residential buildings (current) 7035/- രൂപ മൈനസ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം അക്ഷയ കേന്ദ്രം, സ്നേഹിത ടീ സ്റ്റാൾ എന്നിവയുടെ വാടക ഡിമാന്റ് പ്രതിമാസം 500/- രൂപ നിരക്കിൽ ആകെ 12000/- രൂപയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആകെ ഡിമാന്റ് 7500/- രൂപ എന്നാണ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത്. 2018-19 ൽ ലഭിച്ച വാടക 7500/- രൂപ മാത്രമാണ്. ഇത് പ്രകാരം ലഭിക്കാനുള്ള 4500/- രൂപ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. ബന്ധപ്പെട്ടയിനങ്ങളിൽ പ്രൊവിഷൻ ഇട്ടതിൽ വന്ന കുറവാണ് ഇതെന്നാണ് വിശദീകരണം ലഭ്യമാക്കിയത്. സാമ്പത്തിക വർഷാവസാനത്തിന് ശേഷം മാത്രമാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നത് എന്നതിനാൽ ഈ വിധമുള്ള അപാകങ്ങൾ സംഭവിക്കാൻ പാടില്ലാത്തതാണ്.

2) അഡ്വാൻസ് രജിസ്റ്റർ പ്രകാരം Advances to implementing Officers ശീർഷകത്തിൽ 2016-17, 2017-18 വർഷങ്ങളിൽ നൽകിയ 28787/- രൂപ 2018-19 വർഷം തീർപ്പാക്കിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം ഒന്നിലെ ആർട്ടിക്കിൾ 99 പ്രകാരം നൽകുന്ന മൂന്ന് മാസ കാലാവധിക്കുള്ളിൽ തീർപ്പാക്കാത്ത മുൻകൂറുകൾക്ക് ജി.ഒ (പി) നം.419/2011/ധന ഉത്തരവ് തിയതി 04/10/2011 പ്രകാരം പ്രതിവർഷം 18% നിരക്കിൽ പലിശ നൽകേണ്ടതാണ്. ഈ മുൻകൂറുകൾ നിയമാനുസൃത പലിശ കൂടി ഈടാക്കിയാണ് ക്രമീകരിച്ചത് എന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവുകൾ പിന്നീട് recoup ചെയ്യുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അഡ്വാൻസായി രേഖപ്പെടുത്തിയതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ തുകയുടെ ക്രമീകരണം സംബന്ധിച്ച ഫയൽ കുറിപ്പോ തീരുമാനങ്ങളോ ഹാജരാക്കിയിട്ടില്ല.

3) ബാലൻസ് ഷീറ്റ് പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകയിൽ 15,000/- രൂപ ഇനിയും തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 25/08/2017 ൽ 21700287-ാം നമ്പർ വൗച്ചർ പ്രകാരം അക്കൗണ്ടന്റായിരുന്ന ശ്രീ.വിനോദ് മാത്യുവിന് നൽകിയ ഈ തുക ഇതുവരെ തിരികെ ഈടാക്കിയിട്ടില്ല.

## 1-25 ഓഡിറ്റ് ഇംപാക്ട്

1.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ ആക്കനടി റോഡ് നിർമാണം (പ്രോജക്ട് നം.64/19) എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ നല്കിയപ്പോൾ കോൺട്രാക്ടർ ക്വോട്ട് ചെയ്ത തുക നല്കുന്നതിനു പകരം എസ്റ്റിമേറ്റ് നിരക്കിൽ തുക നല്കിയതു മൂലമുണ്ടായ അധിക ചെലവ് (4548/-രൂപ) ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽ പെടുത്തിയതിനെത്തുടർന്ന് 24.02.2020-ലെ 119080101853 നമ്പർ രസീത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിൽ ഒടുക്കി.

2.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ കണിയാംപറമ്പ് റോഡ് കോൺക്രീറ്റിംഗ് (പ്രോജക്ട് നം.48/19) എന്ന പ്രവർത്തിയുടെ കരാറുകാരൻ യഥാസമയം കരാർ വെയ്ക്കാതിരുന്നിട്ടും ടിയാനിൽ നിന്നും എഗ്രീഡ് പി.എ.സിയുടെ 1% പിഴയായി ഈടാക്കിയിരുന്നില്ല. ഈ വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ ശ്രദ്ധയിൽ പെടുത്തിയതിനെത്തുടർന്ന് പിഴയായി ഈടാക്കേണ്ടിയിരുന്ന 2000/- രൂപ 24.02.2020-ലെ 119080101854 നമ്പർ രസീത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിൽ ഒടുക്കി.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1.കൈനടി SCB -ഒന്നും രണ്ടും അർദ്ധവർഷം -2500/- രൂപ

2.മാവേലി സ്റ്റോർ, നീലംപേരൂർ-ഒന്നും രണ്ടും അർദ്ധവർഷം-2500/- രൂപ

3.നീലംപേരൂർ SCB -ഒന്നും രണ്ടും അർദ്ധവർഷം -2500 രൂപ

4.നാരകത്തറ SCB -ഒന്നും രണ്ടും അർദ്ധവർഷം -2500 രൂപ

5. Spark Spice പ്രോഡക്ട്സ്-ഒന്നും രണ്ടും അർദ്ധവർഷം -2500/- രൂപ

6.മുളമൂട്ടിൽ ഫൈനാൻസ് നീലംപേരൂർ-2500/- രൂപ

7.മുളമൂട്ടിൽ ഫൈനാൻസ് കൈനടി-2500/- രൂപ

8.മുളമൂട്ടിൽ ഫൈനാൻസ് വാലടി-2500/- രൂപ

ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 20000/- രൂപ തൻവർഷം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി പ്രകാരം സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. നോട്ടീസ് പ്രകാരമുള്ള തുക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുടിവെള്ളം വിതരണം ചെയ്തതിന് തുക അധികം നൽകി

പ്രോജക്ടിന്റെ പേര് : കുടിവെള്ള വിതരണം (സ്പിൽ ഓവർ)

പ്രോജക്ട് നം. : 139/19

അടങ്കൽ : വികസന ഫണ്ട് - 300000/-

ചെലവ് : 299316/- (1.ട്രഷറി ബിൽ നം.11 തീയതി 01.09.2018- 242062/- രൂപ

2.ട്രഷറി ബിൽ നം.25 തീയതി 20.12.2018- 16254/- രൂപ

3.ട്രഷറി ബിൽ നം.31 തീയതി 21.02.2019- 41000/- രൂപ)

വായന: 1) സർക്കാർ ഉത്തരവ് (സാധാ)നം.500/2019/ത.സ്വ.ഭ.വ തീയതി 02.03.2019

2) സർക്കാർ ഉത്തരവ് (സാധാ)നം.754/2018/ത.സ്വ.ഭ.വ തീയതി 21.03.2018

മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് പ്ലാൻ/തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

നീലംപേരൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം കുടിവെള്ളം വിതരണം ചെയ്തതിന് 299316/- രൂപ ചെലവഴിച്ചതായി കാണുന്നു.

ആകെ 6150.38 കി.മീ വാഹനം ഓടിയതിന് കി.മീറ്ററിന് 42/- രൂപ ക്രമത്തിൽ ആകെ 258316/- രൂപ ക്രമ നം.1,2 ബില്ലുകൾ പ്രകാരം കുടിവെള്ള വിതരണം കോൺട്രാക്ട് എടുത്തിട്ടുള്ള കരാറുകാരനായ ശ്രീ.ടോം.റ്റി.കര്യാക്കോസിന് അനുവദിച്ച് നല്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള ജി.പി.എസ് ട്രാക്കിംഗ് സിസ്റ്റം അനുസരിച്ചുള്ള യൂട്ടിലൈസേഷൻ റിപ്പോർട്ട് പ്രകാരം ആകെ 5037 കി.മീ മാത്രമാണ് KL-07-BD-5207 എന്ന നമ്പറിലുള്ള വാഹനം കുടിവെള്ള വിതരണത്തിനായി സഞ്ചരിച്ചിട്ടുള്ളത്. മേൽ സർക്കാർ ഉത്തരവുകളിലെ 3-ാം ഖണ്ഡികയിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ വേണം കുടിവെള്ളം വിതരണം ചെയ്യേണ്ടതെന്ന് വ്യക്തമായി പറഞ്ഞിരുന്നു. അധികമായി നല്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

അനുവദിച്ച തുക – 6150.38x42 = 258316/- രൂപ

ജി.പി.എസ് ട്രാക്കിംഗ് സിസ്റ്റം അനുസരിച്ചുള്ള യൂട്ടിലൈസേഷൻ റിപ്പോർട്ട് പ്രകാരം സഞ്ചരിച്ച ദൂരത്തിന് അനുവദനീയമായ തുക – 5037x42 = 211554/- രൂപ

അധികം നല്കിയ തുക -258316-211554 = 46762/-രൂപ
(ക്രമ നം.3 പ്രകാരമുള്ള ബില്ലിലെ തുക നല്കിയത് 2018 പ്രളയ സമയത്ത് ശുദ്ധജല വിതരണം നടത്തിയതിന് സന്തോഷ് എന്ന കരാറുകാരന് നല്കിയതാണെന്നും അടിയന്തിരമായി ശുദ്ധജലം വിതരണം ചെയ്യുന്നതിന് ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങൾ ലഭ്യമല്ലാത്തതിനാൽ ജി.പി.എസ് ട്രാക്കിംഗ് സിസ്റ്റം ഇല്ലാതെയാണ് വാഹനം ഓടിയതെന്നറിയിച്ചു.)
ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/19.02.2020) മറുപടി ലഭ്യമാക്കിയില്ല. അധികമായി നല്കിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് കരാറുകാരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളിലെ ഖണ്ഡിക 7-ൽ "മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം

കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമെ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ" എന്ന് സമ്മതിച്ച് ഇരു കക്ഷികളും ഒപ്പു വച്ചിട്ടുണ്ട്. [കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012-ൽ (Revised as per G.O.(P)No.13/2012/PWD dated 01.02.2012) നിഷ്കർഷിച്ചിട്ടുള്ള ഫൈൻ സംബന്ധമായ വ്യവസ്ഥകളല്ല കരാറുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്]. 2018-19 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയിട്ടുള്ള താഴെപ്പറയുന്ന പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കാതിരുന്നിട്ടും എഗ്രിമെന്റിലെ വ്യവസ്ഥകൾക്കനുസൃതമായി കരാറുകാരിയിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 132/19 |
| പ്രോജക്ടിന്റെ പേര് | : | വയോജന പരിപാലന സങ്കേതം |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.സി.എബ്രഹാം |
| പി.എ.സി | : | 747150/- |
| ചെലവ് | : | 726067/-<br>ട്രഷറി ബിൽ നം.11 തീയതി 29.06.2018 |
| എം.ബുക്ക് നം | : | 64/18-19, 65/18-19 |
| എഗ്രിമെന്റ് നം. | : | 35/AE/NPR/17-18 തീയതി30.01.2018 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 30.01.2018 |
| പൂർത്തികരണ കാലാവധി | : | 3 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 30.04.2018 |
| പൂർത്തീകരിച്ച തീയതി | : | 08.06.2018 (എം.ബുക്ക് നം. 64/18-19പേജ് നം.32) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : | 747150 x1% = 7472/-രൂപ |

| | | |
|---|---|---|
| 2.പ്രോജക്ട് നം. | : | 127/19 |
| പ്രോജക്ടിന്റെ പേര് | : | വാർഡുകളിൽ കിണർ മെയിന്റനൻസ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.സി.എബ്രഹാം |
| പി.എ.സി | : | 499500/- |
| ചെലവ് | : | 484714/-<br>(1.ട്രഷറി ബിൽ നം.26 തീയതി 17.12.2018) |
| എം.ബുക്ക് നം | : | 69/17-18 |
| എഗ്രിമെന്റ് നം. | : | 36/AE/NPR/17-18 തീയതി 30.01.2018 |

| | | |
|---|---|---|
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 30.01.2018 |
| പൂർത്തികരണ കാലാവധി | : | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 30.07.2018 |
| പൂർത്തീകരിച്ച തീയതി | : | 28.09.2018 (എം.ബുക്ക് പേജ് നം.27) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : | 499500x1%=4995/-രൂപ |

| | | |
|---|---|---|
| 3.പ്രോജക്ട് നം. | : | 121/19 |
| പ്രോജക്ടിന്റെ പേര് | : | മങ്ങാട് മുതൽ 24 വഴി റോഡ് മെയിന്റനൻസ് |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ടോജോ ദേവസ്യ |
| പി.എ.സി | : | 100000/- |
| ചെലവ് | : | 99618/-<br>(1.ട്രഷറി ബിൽ നം.27 തീ.17.12.2018) |
| എം.ബുക്ക് നം | : | 68/17-18 |
| എഗ്രിമെന്റ് നം. | : | 53/AE/NPR/17-18 തീയതി 01.03.2018 |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 01.03.2018 |
| പൂർത്തികരണ കാലാവധി | : | 6 മാസം |
| പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | : | 31.08.2018 |
| പൂർത്തീകരിച്ച തീയതി | : | 17.10.2018 (എം.ബുക്ക് പേജ് നം.3) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ (1%) | : | 100000x1% = 1000/-രൂപ |

തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/19.02.2020) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-3 ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു

നീലം പേരൂർ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തനത്ഫണ്ട് ചെലവുരേഖകൾ പരിശോധിച്ചതിൽ 2018 ഏപ്രിൽ മാസത്തെ 2180012-ാം നമ്പർ വൗച്ചർ (ചെക്ക് നം-663607 dtd 3.04.18) പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി രേഷ്മ ബാബുവിന് 28.03.2018 ലെ എ4/1490/2018 ഉത്തരവ് പ്രകാരം 20 ദിവസത്തെ ആർജിതാവധി സറണ്ടറായി 14,000/- രൂപയും 2018 ഏപ്രിൽ മാസത്തെ 2180021-ാം നമ്പർ വൗച്ചർ (ചെക്ക് നം-6336047 dtd 3.04.18 Rs.53,666/-) പ്രകാരം ഗ്രാമപഞ്ചായത്തിലെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരായ ശ്രീമതി ആതിര പുഷ്കരൻ, Accredited Engineer, ശ്രീമതി ഗോപിക സി.ജി, ഓവർസീയർ, ശ്രീമതി സീതാലക്ഷ്മി എം.എസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ശ്രീമതി ബിനിതാമോൾ സി.കെ,ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് ബാബുവിന് 28.03.2018 ലെ എ4/1490/2018 ഉത്തരവ്

പ്രകാരം 20 ദിവസത്തെ ആർജിതാവധി സറണ്ടറായി 53,666 രൂപയും നൽകിയിട്ടുണ്ട്.

കെ.എസ്.ആർ പാർട്ട് 1, അപ്പൻഡിക്സ് VII ലെ റൂൾ 2 പ്രകാരം (കെ.എസ്.ആർ പാർട്ട് 1 റൂൾ 8 പ്രകാരം താത്കാലികമായി നിയമിക്കപ്പെടുന്ന) കരാർ, താത്കാലിക ജീവനക്കാർക്ക് വർഷത്തിൽ പരമാവധി 15 ആർജിതാവധിക്കാണ് അർഹതയുള്ളത്. ആർജിക്കുന്ന അവധി വർഷാവർഷം പണമാക്കാതെ ക്രെഡിറ്റിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് സ്ഥിരം ജീവനക്കാർക്ക് ബാധകമായ വിധം ക്രെഡിറ്റിലുള്ള അവധികൾ ഒരു വർഷം പരമാവധി 30 എണ്ണം എന്ന നിരക്കിൽ സറണ്ടർ ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ളത്. വർഷം 15 ആർജിതാവധി ആർജ്ജിക്കുകയും 15 വീതം എല്ലാവർഷങ്ങളിലും ആർജിതാവധി സറണ്ടർ ചെയ്യുകയും ചെയ്യുന്ന ജീവനക്കാരന് 20 ദിവസത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചത് ക്രമപ്രകാരമല്ല. ഈയിനത്തിൽ തുക അധികം നൽകിയത് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് ടെക്നിക്കൽ അസിസ്റ്റന്റിന് നൽകിയ തുക തിരികെ ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. NREGA ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ 2017-18 ലും സമാന രീതിയിൽ 5 ദിവസത്തെ സറണ്ടർ തുക അധികം അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം NREGA ജീവനക്കാർക്ക് അധികമായി നൽകിയ 13416/- രൂപയും 2017-18 ക്രമപ്രകാരമല്ലാതെ അധികം നൽകിയ 5 ദിവസം വീതമുള്ള സറണ്ടർ തുകയും കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 205000 | ലൈഫ് SC | 0 | 205000 |
| | | 75000 | സ്കോളർഷിപ്പ് | 74550 | 450 |
| | | 472733 | ലൈഫ് | 472733 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 700000 | ലൈഫ് | 688067 | 11933 |
| | | 75000 | സ്കോളർഷിപ്പ് | 74550 | 450-- |
| | | 260000 | അനുപൂരകപോഷകാഹാരം | 100000 | 160000 |
| | | 1300000 | പഠനമുറി | 0 | 1300000 |
| | | 125000 | നാളികേരകൃഷി | 0 | 125000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം&തീയതി | വായ്പ തുക | മുൻവർഷത്തിൽ തിരിച്ചടവ് ബാക്കിയുള്ള തുക | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | ജി.ഒ.2220/2010 /LSGD/07.07.2010 | 11804320 | 0 | 0 | 11804320 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56948482 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56363808 |
| വരവിനങ്ങളിലുള്ള നഷ്ടം | 20000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 73,645 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1166302 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10,000 | | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| | 10000 | | ശ്രീമതി.ഗീതമ്മ കെ, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-1 | | 46762 | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| 3-2 | | 13467 | ശ്രീമതി അനിത അനീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 13416 | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| **ആകെ** | **20,000** | **73,645** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 439853 | ശ്രീമതി ദീപ എസ്, കൃഷി ഓഫീസർ |
| 1-19 | 596449 | ശ്രീമതി അനിത അനീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 130000 | ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, സെക്രട്ടറി |
| ആകെ | **1166302** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷേയ്ക്ക് ബിജു. സി. എസ്, | സെക്രട്ടറി | അമീൻ മൻസിൽ, |

| | | |
|---|---|---|
| സെക്രട്ടറി | നീലംപേരൂർ ഗ്രാമപഞ്ചായത്ത് | സക്കറിയ വാർഡ്, ആലപ്പുഴ |
| ശ്രീമതി അനിത അനീഷ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് സെക്രട്ടറി,<br>നീലംപേരൂർ ഗ്രാമപഞ്ചായത്ത് | ഇത്തിപ്പറമ്പിൽ,<br>പള്ളുരുത്തി.പി.ഒ, കൊച്ചി |
| ശ്രീമതി ഗീതമ്മ എ.കെ<br>സെക്രട്ടറി (ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി,<br>നീലംപേരൂർ ഗ്രാമപഞ്ചായത്ത് | അറയ്ക്കൽ, കണ്ണാടി പി.ഒ<br>പുളിങ്കുന്ന് ആലപ്പുഴ |
| ശ്രീമതി ദീപ. എസ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, നീലംപേരൂർ<br>ഗ്രാമപഞ്ചായത്ത് | ഐക്കര, മലകുന്നം പി.ഒ<br>ചങ്ങനാശ്ശേരി ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്.എ 14/1264/04, തീയതി – 07.12.2004 |
| 1994-95 | എൽ.എഫ്.എ 14/1265/04 തീയതി 06.11.2004 |
| 1995-96 | എൽ.എഫ്.എ 10/131/05 തീയതി 08.08.2005 |
| 1997-98 | എൽ.എഫ്.എ 10/203/03 തീയതി 03.08.2005 |
| 1997-98 (ചെലവ്) | എൽ.എഫ്.എ 4/303/01 തീയതി 02.03.2002 |
| 1998-99 (ചെലവ്) | എൽ.എഫ്.എ 4/11160/02 തീയതി 10.03.2003 |
| 2000-01 (ചെലവ്) | എൽ.എഫ്.ജി.എ 4/4/04 തീയതി 05.05.2004/01.07.2004 |
| 2001-02 (ചെലവ്) | എൽ.എഫ്.ജി.എ 4/4/04 തീയതി 05.05.2004/01.07.2004 |
| 2002-03 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2003-04 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2004-05 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2005-06 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2006-07 മുതൽ 2009-10 | എൽ.എഫ്.എ.പി 5/575/14 തീയതി 09.05.2014/10.06.2014 |

| | |
|---|---|
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി 10/1519/13 തീയതി 01.04.2014/03.06.2014 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-പി.10/1389/15 തീയതി 12.01.2015 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.10/134/17 തീയതി 08.02.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.10/1324/17 തീയതി 04.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.9/229/19 തീയതി 11.04.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

**അനുബന്ധം.1**

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം.2**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ